**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 517** **23-02-2022 - ൽ മറുപടിയ്ക്ക്**

**ട്രഷറികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ട്രഷറികൾ നവീകരിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (എ) | ട്രഷറി നവീകരണത്തിന്റെ ഭാഗമായി 36 ട്രഷറികളുടെ നിർമ്മാണത്തിനുള്ള 108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച ട്രഷറി നിർമ്മാണങ്ങളിൽ 25 ട്രഷറികളുടെ നിർമ്മാണങ്ങൾക്ക് സാങ്കേതിക അനുമതി നൽകി നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 21 കോടി രൂപയുടെ ഭരണാനുമതി നൽകിയ ട്രഷറി വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മറ്റു ട്രഷറികളുടെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ താഴെ പറയും പ്രകാരമാണ്. 1. പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ട്രഷറികൾ. വടക്കാഞ്ചേരി, മലയിൻകീഴ്, ശാസ്താംകോട്ട, മുളന്തുരുത്തി നെടുമങ്ങാട്, കൊട്ടാരക്കര, മുകുന്ദപുരം, ചവറ, കുണ്ടറ, പൊൻകുന്നം, നൂറനാട്, ഹരിപ്പാട്, വികാസ് ഭവൻ, കോലഞ്ചേരി എന്നീ സബ് ട്രഷറികളും പെൻഷൻ പേയ്മെന്റ് സബ് ട്രഷറി കൊല്ലം , സബ് ട്രഷറി കൊല്ലം, കൊട്ടാരക്കര, ഇരിങ്ങാലക്കുട എന്നീ ജില്ലാ ട്രഷറികളും. 2. പുതിയ സബ് ട്രഷറി ആരംഭിച്ചത്. കുന്ദമംഗലം സബ് ട്രഷറി 3. കെട്ടിട നിർമ്മാണം പൂർത്തിയായ ട്രഷറികൾ. പുൽപ്പള്ളി, പീരുമേട് സബ് ട്രഷറികൾ. 4. നിർമ്മാണം അന്തിമ ഘട്ടത്തിലുള്ള ട്രഷറികൾ. പഴങ്ങാടി, ചാത്തന്നൂർ, പയ്യന്നൂർ, ചട്ടഞ്ചാൽ, മുതുകുളം, മാന്നാർ, പീരുമേട്, കൊല്ലങ്കോട്, പേരാമ്പ്ര, വർക്കല, എടവണ്ണ, കാസർഗോഡ് എന്നീ സബ് ട്രഷറികളും നെടുങ്കണ്ടം സ്റ്റാമ്പ് ഡിപ്പോയും. 5. പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുള്ളത് നിലമ്പൂർ, മാലക്കല്ല്, പള്ളിക്കത്തോട്, ശ്രീകണ്ഠപുരം. 6. കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളത് പെരിന്തൽമണ്ണ, എടക്കര, വടകര, എടത്വ ട്രഷറികളുടെ അടിസ്ഥാന സൗകര്യം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയ ശൗചാലയം നിർമ്മിക്കൽ, റാമ്പ് നിർമ്മാണം ട്രഷറികളുടെ പെയ്ന്റിംഗ് തുടങ്ങിയ പ്രവൃത്തികൾ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന വിജയകരമായി പൂർത്തിയാക്കി വരുന്നു. |
| (ബി) | ട്രഷറികളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുന്നതടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | മറ്റുള്ള വകുപ്പുകൾ പ്രവർത്തിച്ചു വരുന്നതു പോലെയുള്ള ഏകജാലക രീതിയിലുള്ള ഫ്രണ്ട് ഓഫീസ് സംവിധാനത്തിനു പകരം എല്ലാ ട്രഷറികളിലും ഇടപാടുകാർക്ക് മുഴുവൻ സമയ സേവനം നൽകുന്നതിനായി ഹെൽപ്പ് ഡെസ്ക് കൗണ്ടറുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ക്യാഷ് കൗണ്ടറും ടെല്ലർ കൗണ്ടറും പ്രവൃത്തിക്കുന്നുണ്ട്. |
| (സി) | കൊണ്ടോട്ടി സബ് ട്രഷറിയുടെ പശ്ചാത്തല സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും പ്രവർത്തന ബാഹുല്യമുള്ള പ്രസ്തുത ട്രഷറി വിഭജിച്ച് വാഴക്കാട് കേന്ദ്രമായി ഒരു പുതിയ ട്രഷറി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | കൊണ്ടോട്ടി സബ് ട്രഷറിയുടെ പശ്ചാത്തല സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൊണ്ടോട്ടി സബ് ട്രഷറി വിഭജിച്ച് വാഴക്കാട് കേന്ദ്രമാക്കി പുതിയ ട്രഷറി അനുവദിക്കുന്നതിനുള്ള ശുപാർശ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ